بسم الله الرحمن الرحيم

الحمدلله حمدا كثيرا طيبا مباركا فيه, وأشهد أن لا إله إلا الله وحده لا شريك له,
وأشهد أن محمدا عبده ورسوله,أما بعد :

അബൂ സഈദ് അൽ ഖുദ്‌രിﷺ ൽ നിന്നും നിവേദനം റസൂൽﷺ പറഞ്ഞു : "**ഒരു പുരുഷനും മറ്റൊരു പുരുഷന്റെ ഔറത്തിൽ നോക്കരുത്, അത്പോലെ ഒരു സ്ത്രീയും മറ്റൊരു സ്ത്രീയുടെ ഔറത്തിൽ നോക്കരുത്.**" (മുസ്‌ലിം: 338)

ഇമാം നവവി റഹിമഹുള്ളഹ് ഇതിനെപ്പറ്റി ഇങ്ങനെ പറഞ്ഞു :

"ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ ഔറത്ത് നോക്കുന്നത് ഹറാമാകുന്നു. അത്പോലെ ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ ഔറത്ത് നോക്കുന്നതും ഹറാമാകുന്നു. പണ്ഡിതന്മാർക്കിടയിൽ ഒരു ഭിന്നതാഭിപ്രായവും ഇതിൽ ഇല്ല. ഇതേ പ്രകാരം പണ്ഡിതന്മാരുടെ ഏകീകൃത അഭിപ്രായത്തിൽ ഒരു പുരുഷന് സ്ത്രീയുടെയും ഒരു സ്ത്രീക്ക് പുരുഷന്റെയും ഔറത്ത് നോക്കൽ ഹറാമാകുന്നു."

എന്നാൽ ഇതേ പ്രകാരമുള്ള നോട്ടം ഭാര്യാ ഭർത്താക്കന്മാർക്ക് പരസ്പരം ബാധകമല്ല. കാരണം ഇണകൾ പരസ്പരം ഔറത്തിലേക്ക് നോക്കുന്നത് അനുവദനീയമാണ്. അല്ലാഹു പറയുന്നു:

وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ, إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ

**"തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ. തങ്ങളുടെ ഭാര്യമാരുമായോ, തങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധം ഒഴികെ. അപ്പോൾ അവർ ആക്ഷേപാർഹരല്ല."**

(സൂറത്ത് മുഅ്മിനൂൻ: 5-6)

മറ്റൊരിടത്ത് അല്ലാഹു പറയുന്നു :

**قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ**

**"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു."**

(സൂറത്ത് നൂർ: 30)

അബൂ സഈദ്ﷺ നിന്ന് നിവേദനം: റസൂൽﷺ പറഞ്ഞു :

**"തെരുവിൽ നിങ്ങൾ ഒത്തു കൂടുന്നത് സൂക്ഷിക്കുക,അപ്പോൾ അവർ പറഞ്ഞു: നമുക്ക് അത് അനുവാര്യമാണ്,പിന്നെ ഞങ്ങൾ വെറുതെ ഒത്തു കൂടി സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്. അപ്പോൾ റസൂൽﷺ പറഞ്ഞു: അങ്ങനെയാണെങ്കിൽ നിങ്ങൾ അത്തരം ഒത്തുകൂടലിൽ റോഡിന് അതിന്റെ അവകാശം നൽകണം. അപ്പോൾ ചോദിച്ചു: എന്താണ് റോഡിന്റെ അവകാശം? റസൂൽﷺ പറഞ്ഞു: നിങ്ങളുടെ ദൃഷ്ടിയെ താഴ്ത്തൽ,വഴിയിലൂടെ പോകുന്നവരെ ഉപദ്രവിക്കാതിരിക്കൽ ,സലാം മടക്കൽ,നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും."**

(ബുഖാരി,മുസ്ലിം,അബൂദാവൂദ്)

അത്പോലെ പ്രവാചകൻﷺ പറഞ്ഞതായി അബൂഹുറൈറﷺ നിവേദനം ചെയ്യുന്നു : **“തീർച്ചയായും അല്ലാഹു ആദമിന്റെ മക്കൾക്ക് വ്യഭിചാരത്തിൽ ഒരു പങ്ക് വിധിച്ചിരിക്കുന്നു. അനിവാര്യമായി അവൻ അതിനെ പ്രാപിക്കും. കണ്ണിന്റെ വ്യഭിചാരം നോട്ടമാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്, മനസ്സ് അതിനെ കൊതിക്കുകയും ആഗ്രഹിക്കുകയും ചെയ്യും. പിന്നീട് ഗുഹ്യാവയവം അതിനെ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യും.**”

(ബുഖാരി,മുസ്ലിം,അബൂദാവൂദ്)

അല്ലാഹുവിന്റെ പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു : “**ഓ അലീ, ഒരു നോട്ടത്തിന് പിറകെ മറ്റൊരു നോട്ടം നീ നോക്കരുത്, ആദ്യത്തേതിന് നീ പൊറുക്കപ്പെടും എന്നാൽ രണ്ടാമത്തേതിന് അതില്ല.**”

(തിർമിദി: 2701, സ്വഹീഹ് അൽ ജാമി: 7953)

അല്ലാഹു പറയുന്നു :

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.”

(സൂറത്ത് അഹ്സാബ്: 36)

മഹാനായ പണ്ഡിതൻ ഇബ്ൻ തയ്മിയ്യ റഹിമഹുല്ലഹ് പറയുന്നു: ‘‘അല്ലാഹു രണ്ടു തരത്തിലുള്ള അലങ്കാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് : ഒന്ന് ദൃശ്യമായതും മറ്റൊന്ന് അദൃശ്യമായതും. സ്ത്രീകൾക്ക് തങ്ങളുടെ ഭാഹ്യവും ദൃശ്യവുമായ അലങ്കാരം ഭർത്താവും മറ്റ് മഹ്റമുമായവർക്ക് പുറമേ മറ്റുള്ളവർക്ക് കാണിക്കാവുന്നതാണ്. ഹിജാബിനെക്കുറിച്ചുള്ള ആയത്ത് ഇറങ്ങുന്നതിന് മുമ്പ് ജിൽബാബില്ലാതെ പെണ്ണുങ്ങൾ പുറത്തിറങ്ങുമായിരുന്നു. അപ്പോൾ അവരുടെ മുഖവും കൈയ്യും പുരുഷന്മാർ കാണുമായിരുന്നു. കൈയ്യും മുഖവും പ്രകടമാക്കൽ അനുവദനീയമായ കാലത്ത് പെണ്ണിന്റെ മുഖത്ത് നോക്കുമായിരുന്നതും അനുവദനീയമായിരുന്നു. കാരണം ആ സമയത്ത് മുഖം മറക്കൽ നിർബന്ധമല്ലായിരുന്നു. പിന്നീട് അല്ലാഹു ഹിജാബിനെ പരാമർശിച്ചുള്ള ആയത്ത്(സൂറത്ത് അഹ്സാബ്:59), ഇറക്കിയപ്പോൾ സ്ത്രീകൾ ഹിജാബ് ധരിക്കാൻ ആരംഭിച്ചു.’’

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا

**“നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.”**

(സൂറത്ത് അഹ്സാബ്: 59)

ജിൽബാബ് എന്ന് പറഞ്ഞാൽ ഒരു പുതപ്പാണ്. ഇബ്ൻ മസ്ഊദ്ﷺ വും മറ്റുള്ളവരും ഇതിനെ “റിദ” എന്നാണ് വിളിച്ചിരുന്നത്. പിന്നീട് സാദാരണക്കാർ ഇതിനെ “ഇസാർ” എന്ന് വിളിക്കുകയുണ്ടായി. ഇത് സ്ത്രീകൾ തങ്ങളുടെ തലയും മറ്റ് ശരീരഭാഗങ്ങൾ മുഴുവനും മറക്കാൻ ഉപയോഗിക്കാവുന്നതാണ്. അതിലുമുപരി നമുക്കിവിടെ മനസ്സിലാക്കാൻ കഴിയുന്നത് സ്ത്രീകളോട് ജിൽബാബ് ധരിക്കാൻ കൽപ്പിക്കപ്പെട്ടപ്പോൾ അവരോട് തങ്ങളുടെ മുഖം മറക്കാനാണ് ആവശ്യപ്പെട്ടത്. ഇത് ഒരു നിഖാബ് ഉപയോഗിച്ച് മറക്കാവുന്നതാണ്. അത് കൊണ്ട് തന്നെ പെണ്ണുങ്ങൾക്ക് അവരുടെ മുഖവും കൈയ്യും സൗന്ദര്യത്തിന്റെ ഒരു ഘടകമാണെന്നും അത് പുരുഷന്മാരുടെ ദൃഷ്ടിയിൽ പെടുത്തരുതെന്നും നമുക്ക് ഇതിൽ നിന്ന് മനസ്സിലാക്കാം.

അത്കൊണ്ട് മഹ്റമല്ലാത്തവർക്ക് ഒരു പെണ്ണിന്റെ ഭാഹ്യമായ വസ്ത്രം മാത്രമേ കാണാൻ നിർവാഹമുള്ളൂ. പന്ധിതന്മാരുടെ രണ്ട് അഭിപ്രായങ്ങളിൽ ഏറ്റവും പ്രബലം സ്ത്രീകൾ അവരുടെ മുഖവും കൈയ്യും കാലും മറക്കുക എന്നത് തന്നെയാണ്.

( മജ്മൂഉ അൽ ഫതാവാ: 22/110-114)

# ജിൽബാബ്- (ശരീരം മുഴുവൻ മറക്കൽ,തല മുതൽ കാൽ വരെ,മുഖമടക്കം)

## ഖുർആനിൽ നിന്നുളള തെളിവ്

അല്ലാഹു പറയുന്നു :

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا

“നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.”

(സൂറത്ത് അഹ്സാബ്: 59)

قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ, وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ أَوِ التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ

“(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരപുത്രൻമാർ, അവരുടെ സഹോദരീ പുത്രൻമാർ, മുസ്ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ) , ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

(സൂറത്ത് നൂർ : 30,31)

## സുന്നത്തിൽ നിന്നുള്ള തെളിവ്

അബ്ദുല്ലഹ്﵁ ൽ നിന്ന് നിവേദനം, റസൂൽﷺ പറഞ്ഞു : **“സ്ത്രീ ഔറത്താണ്, അവൾ പുറത്ത് പോകുമ്പോൾ, ശൈത്താന് അവളിൽ ഒരുപാട് പ്രതീക്ഷകൾ ഉണ്ടാകുന്നു.”**

(തിർമിദി: 1173 –അൽബാനി റഹിമഹുല്ലഹ് ഇതിനെ സ്വഹീഹാക്കി , സ്വഹീഹ് തിർമിദി(936))

സഫിയ ബിൻത് ശൈബ റളിയല്ലാഹു അൻഹാ യിൽ നിന്ന് നിവേദനം: ആയിശ റളിയല്ലാഹു അൻഹാ പറഞ്ഞു : **“ഹിജാബിനെക്കുറിച്ചുള്ള ആയത്ത് ഇറങ്ങിയപ്പോൾ സ്ത്രീകൾ തങ്ങളുടെ വസ്ത്രം രണ്ടായി മുറിച്ച് തങ്ങളുടെ മുഖം മറക്കുമായിരുന്നു.”**

(സ്വഹീഹ് ബുഖാരി വാല്യം: 6, പുസ്തകം: 60, ഹദീഥ്: 282)

ആയിശ റളിയല്ലാഹു അൻഹാ നിവേദനം ചെയ്യുന്നു: **“റസൂൽﷺ ഫജ്ർ നിസ്കരിക്കുമ്പോൾ സ്ത്രീകൾ നിഖാബ് ധരിച്ച് റസൂലിന്റെ പിറകിൽ പങ്കെടുക്കുമായിരുന്നു.പിന്നീട് ആരും തിരിച്ചറിയാതെ അവർ അവരുടെ വീടുകളിൽ മടങ്ങുമായിരുന്നു.”**

(സ്വഹീഹ് അൽ ബുഖാരി വാല്യം: 1, പുസ്തകം: 8, ഹദീഥ്: 368)

ശൈഖ് ഇബ്ൻ ഉഥൈമീൻ റഹിമഹുല്ലഹ് ഈ ഹദീസിന്റെ തഫ്സീറിൽ ഇപ്രകാരം പറയുന്നു: “സ്ത്രീകൾക്ക് ഇസ്ലാമിക വേഷം തങ്ങളുടെ ശരീരം മുഴുവനും മറക്കുക എന്നതാണെന്ന് ഈ ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. പൂർണ്ണമായിട്ടും കൈയ്യും മുഖവും മറച്ചാലേ പെണ്ണ് തിരിച്ചറിയപ്പെടാതിരിക്കൂ. ഇതായിരുന്നു സ്വഹാബികൾ മനസ്സിലാക്കിയിരുന്നതും, പ്രവർത്തിച്ചതും. അവരായിരുന്നു. ഏറ്റവും നല്ല കൂട്ടർ,കുലീനമായ സ്വഭാവവും പൂർണ്ണമായ ഈമാനും ഉള്ളവർ. അത്കൊണ്ട് തന്നെ അവൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും ഉത്തമരായിരുന്നു. അപ്പോൾ സ്വഹാബി വനിതകൾ പൂർണ്ണമായും മുഖം മറച്ചെന്ന സ്ഥിതിക്ക് നമുക്ക് പിന്നെ എങ്ങനെ അവരുടെ പാതയിൽ നിന്നും വ്യതിചലിക്കാൻ കഴിയും.

(ഇബ്ൻ ഉഥൈമീൻ റഹിമഹുല്ലഹ്, “ഹിജാബ്” എന്ന പുസ്തകം

പേജ്: 12,13)

## സ്വഹാബിമാരുടെ അഭിപ്രായങ്ങളിൽ നിന്നുള്ള തെളിവ്

അബ്ദുല്ലഹ് ഇബ്ൻ മസ്ഊദ്ﷺ പറഞ്ഞു : ‘‘**ജിൽബാബ് എന്ന വാക്കിനർത്ഥം ഒരു മേൽക്കുപ്പായം എന്നാണ്, അത് തല,മുഖം, കൈ തുടങ്ങി മുഴുവൻ ശരീരത്തെയും മൂടുന്നതാണ്.**”

(ഇബ്നു തൈമിയ്യ തന്റെ ഫത്വകളുടെ പുസ്തകത്തിൽ നിന്നും പേജ്: 110, വാല്യം: 2, പിന്നെ ശൈഖ് ഉഥൈമീൻ തന്റെ ഹിജാബ് എന്ന പുസ്തകത്തിലും പേജ്: 15)

അബൂ ഉബൈദ സൽമാനിﷺ, മറ്റൊരു പ്രസിദ്ധ സ്വഹാബി ഇപ്രകാരം പറഞ്ഞു: ‘‘**ജിൽബാബ് ഒരു സ്ത്രീയുടെ മുഴുവൻ ശരീരവും മറക്കണം, ആകയാൽ രണ്ട് കണ്ണ് ഒഴികെ മറ്റെല്ലാം മറക്കപ്പെടണം, അത് കൊണ്ട് അവൾക്ക് കാണാൻ കഴിയണം.**”

(തഫ്സീർ അൽ ഖുർതുബി)

ഇബ്ൻ ജരീർ റഹിമഹുല്ലഹ്, ഇബ്ൻ അബ്ബാസ്ﷺ ന്റെ അഭിപ്രായം ഇപ്രകാരം പറയുകയുണ്ടായി: **“അത്യാവശ്യ കാര്യങ്ങൾക്കായി തങ്ങളുടെ വീടുകളിൽ നിന്ന് പുറത്തേക്ക് പോകുന്ന, എല്ലാ മുസ്ലിം സ്ത്രീകൾക്കും മുഖം മറക്കുക എന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു.**’’

(തഫ്സീർ ഇബ്ൻ ജരീർ, വാല്യം: 22, പേജ്: 29)

## താബിഉകളുടെ അഭിപ്രായങ്ങളിൽ നിന്നുള്ള തെളിവ്

അലി ബിൻ അബൂ തൽഹ റഹിമഹുള്ളഹ് എന്ന താബിഇ, ഇബ്ൻ അബ്ബാസ്ﷺ പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു: സൂറ നൂർ ആയത്ത് 31 ഇറങ്ങിയപ്പോൾ കൈയ്യും,മുഖവും സ്ത്രീകൾക്ക് കാണിക്കൽ അനുവദനീയമായിരുന്നു. പക്ഷെ സൂറ അഹ്സാബ് ആയത്ത് 59 അവതരിപ്പിച്ചതിന് ശേഷം മുസ്ലിം സ്ത്രീകളോട് മുഖവും തലയും കണ്ണുകൾ ഒഴികെ മറക്കാൻ കൽപ്പിക്കപ്പെട്ടു. ഇതുതന്നെയായിരുന്നു ഇബ്ൻ മസ്ഊദിന്റെയുംﷺ അഭിപ്രായം.

(ഇത് പറഞ്ഞത് ഇബ്ൻ തൈമിയ്യ റഹിമഹുല്ലഹ് തന്റെ ഫതാവ എന്ന പുസ്തകത്തിൽ, പിന്നെ ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് റഹിമഹുല്ലഹ് തന്റെ ''ഹിജാബ് വ സഫുർ'' എന്ന പുസ്തകത്തിൽ പേജ്: 60)

## മുഫസ്സിരീങ്ങളുടെ അഭിപ്രായങ്ങളില്ലുള്ള തെളിവ്

മുഫസ്സിറായ ഇമാം അൽ ഖുർതുബി റഹിമഹുള്ളഹ് സൂറ (അൽ അഹ്സാബ്:59) ന്റെ തഫ്സീറിൽ ജിൽബാബ് എന്താണെന്ന് വിശദീകരിക്കുന്നു: ശരീരം മുഴുവൻ മൂടുന്ന ഒരു വസ്ത്രമാണത്. ഇബ്ൻ അബ്ബാസും ഇബൈദ അസ്സൽമാനിയും(റളിയല്ലാഹു അൻഹുമാ) പറയുന്നത് ജിൽബാബ് ഒരു സ്ത്രീയുടെ ശരീരത്തെ മൊത്തം പൊതിയണം, അവൾക്ക് കാണാനുള്ള ഒരു കണ്ണൊഴികെ.

(തഫ്സീർ അൽ ഖുർതുബി സൂറ അൽ അഹ്സാബ് ആയത്ത്: 59)

ഇബ്ൻ അബ്ബാസ്ﷺ ന്റെയും ഖത്താദﷺ യുടെയും അഭിപ്രായത്തിൽ ജിൽബാബ് എങ്ങനെയാണ് ധരിക്കേണ്ടത് എന്ന് മുഫസ്സിരീങ്ങളായ അത്തബരിയും, ഇബ്ൻ അൽ മുന്ദിറും വിശദീകരിക്കുന്നു. തുണി, തലയുടെ മുകൾ വശത്ത് നിന്ന് ആരംഭിക്കുക. അത് നെറ്റിയെ മറച്ചതിന് ശേഷം തുണിയുടെ ഒരു ഭാഗം കൊണ്ട് കണ്ണിനു താഴെയുള്ള മുഖത്തിന്റെ ഭാഗം മറക്കുക. അപ്പോൾ മുഖത്തിന്റെ അധിക ഭാഗവും ശരീരത്തിന്റെ മുകൾ ഭാഗവും മറക്കപ്പെടുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ രണ്ട് കണ്ണുകൾ വെളിപ്പെടും (ഇത് അനുവദനീയമാണ്, അനിവാര്യത കാരണം).

(റുൽ-ഉൽ മആനി വോള്യം: 22, പേജ്: 89)

## മദ്ഹബുകളുടെ അഭിപ്രായങ്ങളിൽ നിങ്ങളുടെ തെളിവ്

സ്ത്രീകൾക്ക് മഹ്റമല്ലാത്തവരുടെ മുമ്പിൽ മുഖം മറക്കൽ നിർബന്ധമാണെന്ന് ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് റഹിമഹുല്ലഹ് അഭിപ്രായപ്പെട്ടു. (ഇത് ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് റഹിമഹുല്ലഹ് യുടെ ഹിജാബിനെപ്പറ്റിയുള്ള ലഘുലേഖയിലും, 'സ്ത്രീകളെപ്പറ്റിയുള്ള ഇസ്ലാമിക ഫത്വ' എന്ന പുസ്തകത്തിലും അതേ പോലെ "ഹിജാബ് വ സഫൂർ"(പേജ്:51) എന്ന പുസ്തകത്തിന്റെ അറബി പതിപ്പിലും കാണാം).

ശൈഖുൽ ഇസ്ലാം ഇബ്ൻ തൈമിയ്യ റഹിമഹുല്ലഹ് പറയുന്നു: ഹമ്പലി മദ്ഹബിന്റെയും മാലിക്കീ മദ്ഹബിന്റെയും ശരിയായ അഭിപ്രായം രണ്ട് കണ്ണുകൾ ഒഴികെ അല്ലെങ്കിൽ ഒരു കണ്ണൊഴികെ ബാക്കിയെല്ലാം മറക്കുക വാജിബാകുന്നു എന്നതാണ്. കണ്ണുകൾ വെളിവാക്കുന്നത്,വഴികാണുക എന്ന ആവശ്യാർത്ഥമാണ്.

(‘ഹിജാബ് വ സഫുർ’ എന്ന അറബി പുസ്തകത്തിൽ, ഹിജാബിനെക്കുറിച്ചുള്ള ഇബ്ൻ തൈമിയ്യ റഹിമഹുല്ലഹ് യുടെ ഫത്വ എന്നതിന് കീഴിൽ, പേജ്: 10)

## പ്രശസ്തരും ആദരണീയരുമായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ നിന്നുള്ള തെളിവ്

ഇബ്ൻ അൽ മുൻദിർ റഹിമഹുല്ലഹ് പറയുന്നു: ‘‘ജലാബിബ് എന്നത് ജിൽബാബിന്റെ ബഹുവചനമാണ്. ജിൽബാബ് എന്നത് ഭാഹ്യമായ ഒരു തുണിയാണ്. അത് ഒരു സ്ത്രീ തന്റെ വസ്ത്രത്തിന് മുകളിൽ തല മുതൽ കാൽ വരെ മറക്കുവാൻ വേണ്ടി ഉപയോഗിക്കുന്നു. അത്വഴി അവളുടെ മുഴുവൻ ശരീരവും മറക്കപ്പെടുന്നു’’

(ലിസാനുൽ അറബ്, വാള്യം: 1, പേജ്: 273)

ശൈഖുൽ ഇസ്ലാം ഇബ്ൻ തൈമിയ്യ റഹിമഹുല്ലഹ് പറയുന്നു: സ്ത്രീകൾ ജിൽബാബില്ലാതെ യാത്ര ചെയ്യുമായിരുന്നു.അപ്പോൾ പുരുഷന്മാർ സ്ത്രീകളുടെ മുഖവും കൈകളും കാണുമായിരുന്നു. എന്നാൽ ‘‘ഓ നബിയേ താങ്കളുടെ പത്നിമാരോടും പെൺമക്കളോടും,സത്യവിശ്വാസിനികളോടും തങ്ങളുടെ ശരീരം മേൽക്കുപ്പായ കൊണ്ട് മൂടാൻ പറയുക’’ എന്ന (സൂറത്ത് അൽ അഹ്സാബിലെ ആയത്ത് 59) ഇറങ്ങിയപ്പോൾ ഇത്തരമുള്ള നടത്തം വിലക്കുകയും സ്ത്രീകളോട് ജിൽബാബ് ധരിച്ച് നടക്കാൻ കൽപ്പിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം പറഞ്ഞു: ജിൽബാബ് എന്ന വാക്കിനർത്ഥം ഒരു തുണി എന്നതാണ്, അത് ഇബ്ൻ മസ്ഊദ്ؓ പറഞ്ഞത് പോലെ മുഖവും തലയും കൈയ്യും അടങ്ങുന്ന മുഴുവൻ ശരീരവും മറക്കുന്ന ഒരു മേൽക്കുപ്പായം , അത് കൊണ്ട് ഒരു സ്ത്രീക്ക്

തന്റെ മുഖവും, കൈയ്യും പൊതു സ്ഥലത്ത് വെച്ച് പ്രദർശിപ്പിക്കൽ അനുവദനീയമല്ല.

(ഇബ്ൻ തൈമിയ്യയുടെ ഫത്‌വകളുടെ പുസ്തകം പേജ്: 110,വാള്യം: 2, പിന്നെ ഹിജാബ് എന്ന പുസ്തകത്തിലും പേജ്: 15)

ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് റഹിമഹുല്ലഹ് പറഞ്ഞു : ഉത്തമ തലമുറയുടെ (സലഫുകളുടെ) അഭിപ്രായത്തിൽ ഹിജാബിനെക്കുറിച്ചുള്ള ആയത്ത് ഇറങ്ങിയതിന് ശേഷം മുസ്‌ലിം സ്ത്രീകൾ കൈയ്യും മുഖവും അടങ്ങുന്ന മുഴുവൻ ശരീരവും മറക്കണം എന്നതാണ്. അവർക്ക് ഒരു കണ്ണോ, രണ്ട് കണ്ണോ വഴി കാണുവാൻ വേണ്ടി വെളിവാക്കാവുന്നതാണ്. ഇതായിരുന്നു പ്രമുഖ സഹാബിമാരുടെ അഭിപ്രായം. ഇബ്ൻ അബ്ബാസ്ؓ ,ഇബ്ൻ മസ്ഊദ്ؓ, ആയിശ റളിയല്ലാഹു അൻഹാ എന്നിവർ ഇതിൽപ്പെടുന്നു. പിന്നീട് വന്ന താബിഉകളായ അലി ബിൻ തൽഹ റഹിമഹുല്ലഹ്, മുഹമ്മദ് ബിൻ സീരീൻ റഹിമഹുല്ലഹ് യും അത് പോലെ അവരെ പിന്തുടർന്ന ഇബ്ൻ തൈമിയ്യ റഹിമഹുല്ലഹ്, ഇമാം ഹമ്പൽ റഹിമഹുല്ലഹ് എന്നീ സദ്‌വൃത്തരായ പണ്ഡിതന്മാർക്കും ഇതേ അഭിപ്രായമായിരുന്നു.

(‘ഹിജാബ് വ സഫുർ’ എന്ന പുസ്തകത്തിൽ നിന്ന്)

وصلى الله على نبينا محمد وعلى ا‘له وصحبه وسلم

Aloloom മലയാളം
Www.aloloommalayalam.com